പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.4426.

04.02.2014 -ൽ
മറുപടിയ്ക്ക്

## കോളേജുകൾക്ക് സ്വയംഭരണാവകാശം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സാജുപോൾ | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ മന്ത്രി) |
| (എ) സ്വയംഭരണ പദവി നൽകുന്നത് സർക്കാർ മേഖലയിൽ നിന്നും ഏതെല്ലാം കോളേജുകൾക്കാണെന്നും എയ്ഡഡ് മേഖലയിൽ നിന്നും ഏതെല്ലാം കോളേജുകൾക്കാണെന്നും അറിയിക്കുമോ;<br>(ബി) എത്ര കോളേജുകളെയാണ് സ്വയംഭരണ പദവിയ്ക്കായി പരിഗണിക്കാൻ ഉദ്ദേശിക്കുന്നു; | (എ) യും (ബി) യും യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം, മഹാരാജാസ് കോളേജ് , എറണാകുളം എന്നീ സർക്കാർ കോളേജുകളും 11 എയ്ഡഡ് കോളേജുകളും ഉൾപ്പെടെ 13 കോളേജുകൾക്ക് സ്വയംഭരണപദവി നൽകുന്നതിനായി യു.ജി.സിയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലകളോട് നിർദ്ദേശിച്ചിട്ടുണ്ട്. എയ്ഡഡ് കോളേജുകളുടെ പേര് ചുവടെ ചേർക്കുന്നു.<br>1.മാർ ഇവാനിയോസ് കോളേജ്,തിരുവനന്തപുരം.<br>2.ഫാത്തിമ മാതാ നാഷണൽ കോളേജ്,കൊല്ലം.<br>3.സെന്റ് ബെർക്ക്മാൻസ് കോളേജ്, ചങ്ങനാശ്ശേരി<br>4.സെന്റ് തെരേസാസ് കോളേജ്, എറണാകുളം<br>5.സേക്രട്ട് ഹാർട്ട് കോളേജ്,തേവര, എറണാകുളം.<br>6.രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്,എറണാകുളം.<br>7.ക്രൈസ്റ്റ് കോളേജ്, ഇരിഞ്ഞാലക്കട. |

8.സെന്റ് തോമസ് കോളേജ്,തൃശ്ശൂർ.

9.എം.ഇ.എസ് കോളേജ്, മാമ്പാട്.

10.ഫറോക്ക് കോളേജ്, കോഴിക്കോട്.

11.സെന്റ് ജോസഫസ് കോളേജ്,

ദേവഗിരി,കോഴിക്കോട്.

| | | | |
|---|---|---|---|
| (സി) | സ്വയംഭരണ കോളേജുകളായി പ്രഖ്യാപിക്കുന്ന കോളേജുകൾക്ക് തുടർന്നും സർക്കാർ എയ്ഡ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) | സ്വയംഭരണ കോളേജുകളിലെ പുതിയ കോഴ്സുകളും പഠനരീതിയും സംബന്ധിച്ച് വിശദമാക്കാമോ? | (ഡി) | സ്വയംഭരണ പദവി ലഭിക്കുന്ന കോളേജുകൾക്ക് സർവകലാശാലകളുടെയും സർക്കാരിന്റെയും അനുമതിയോട് കൂടി പുതിയ കോഴ്സുകൾ തുടങ്ങാനും സിലബസ് രൂപവൽക്കരിക്കാനും പരിഷ്കരിക്കാനും അധികാരമുണ്ടായിരിക്കും. ഇതിലൂടെ പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് കാലാനുസൃതമായി നവീനമായ കോഴ്സുകൾ രൂപപ്പെടുത്തുന്നതിന് കോളേജുകൾക്ക് കഴിയും.സ്വയംഭരണ കോളേജുകളുകളിലെ ഗവേണിംഗ് കൗൺസിൽ സമർപ്പിക്കുന്ന കോഴ്സുകൾ സംബന്ധിച്ച ശുപാർശകളിന്മേൽ അന്തിമ തീരുമാനം സ്വീകരിക്കുന്നത് സർവകലാശാലകളായിരിക്കും. നിലവിലുള്ള പഠന രീതികൾക്ക് പുറമെ ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയുള്ള പഠന രീതികളും കോളേജുകൾക്ക് അവലംബിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ